LIBRARY ARCHIVES Kerala Legislative Assembly

## VI മേശപ്പുറത്തുവച്ച കടലാസുകൾ

### ചട്ടം 236 (5) പ്രകാരം

1. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിദ്യാഭ്യാസം സംബന്ധിച്ച വിഷയനിർണ്ണയ സമിതി VI-ന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 116-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രിക.

2. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ജലവിഭവം സംബന്ധിച്ച വിഷയനിർണ്ണയ സമിതി III-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 5, 10, 20 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രികകൾ.

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട മന്ത്രി റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുൻപ് എന്റെ ക്രമപ്രശ്നം എടുക്കണം.

മി. സ്പീക്കർ : ശ്രീ. എ. കെ. ബാലൻ, വിദ്യാഭ്യാസ വകുപ്പുമന്ത്രി റിപ്പോർട്ട് സമർപ്പിക്കട്ടെ.

## VII റിപ്പോർട്ട് സമർപ്പണം

### 1. 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, ........

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പണം കഴിഞ്ഞതിനുശേഷം അങ്ങയുടെ ക്രമപ്രശ്നം എടുക്കാം.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച ...............

ശ്രീ. എ. കെ. ബാലൻ : സർ, ...........

മി. സ്പീക്കർ : യെസ് ..... ശ്രീ. കെ. എൻ. എ. ഖാദർ, പ്ലീസ്......

## ക്രമപ്രശ്നം

### ഭേദഗതി നൽകുന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ : സർ, 74 ഖണ്ഡങ്ങളുള്ള അതിവിപുലവും കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വളരെ പ്രാധാന്യമുള്ളതുമായ ഒരു ബില്ലാണ് സബ്ജക്ട് കമ്മിറ്റി മുഖേന ഇവിടെ വന്നിട്ടുള്ളത്. എനിക്ക് ചട്ടപ്രകാരം ഭേദഗതി നൽകാൻ രണ്ട് പൂർണ്ണ ദിവസങ്ങൾ കിട്ടണം. ബഹുമാനപ്പെട്ട സ്പീക്കർ ചട്ടം 79 പരിശോധിക്കണം. "റിപ്പോർട്ട് സമർപ്പിച്ചതിനുശേഷമുള്ള നടപടിക്രമം - എന്നാൽ രണ്ട് പൂർണ്ണ ദിവസത്തേയ്ക്ക് അംഗങ്ങളുടെ ഉപയോഗത്തിനുവേണ്ടി റിപ്പോർട്ടിന്റെ പ്രതി ലഭ്യമാക്കിയിട്ടില്ലെങ്കിൽ, ഏതൊരംഗത്തിനും അത് അപ്രകാരം പരിഗണനയ്ക്കെടുക്കുന്നത് എതിർക്കാവുന്നതും റിപ്പോർട്ട് പരിഗണനയ്ക്കെടുക്കുന്നതിന്, സ്പീക്കർ തന്റെ വിവേചനാധികാരം പ്രയോഗിച്ച് അനുവദിക്കാത്ത പക്ഷം, അപ്രകാരമുള്ള എതിർപ്പ് നിലനിൽക്കുന്നതുമാണ്. എന്റെ മുമ്പിൽ ഈ നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് ഭേദഗതി കൊടുക്കാൻ രണ്ട് പൂർണ്ണ ദിവസമില്ല. രണ്ട് പൂർണ്ണദിവസം എനിക്ക് കിട്ടണമെന്നുള്ളത് ബഹുമാനപ്പെട്ട നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ enshrine ചെയ്തിട്ടുള്ളതാണ്. അതുപ്രകാരം എനിക്ക് രണ്ടുദിവസം കിട്ടണം. പ്രത്യേകിച്ച് ഈ നിയമത്തിൽ ഓരോ ഖണ്ഡത്തെ സംബന്ധിച്ചും സമഗ്രമായുള്ള പഠനവും ഭേദഗതികൾ കൊടുക്കാൻ സമയവും ആവശ്യമാണ്. പഠിക്കാൻ ഈ നിയമസഭയിലെ അംഗങ്ങൾക്ക് അവകാശമില്ലേ? പഠിച്ചിട്ട് ഭേദഗതി കൊടുക്കാൻ എവിടെയാണ് സമയം ?